# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ ഡാനിയേൽ കോംബോനി




ആഫ്രിക്കയുടെ ഹൃദയത്തിലൂടെയും ആഫ്രിക്കയെ ഹൃദയത്തിലേറ്റിയും ജീവിച്ച വ്യക്തി. സഭയുടെ ചരിത്രത്തിലെ ഏറ്റവും മികച്ച മിഷനറിമാരിലൊരാളും മധ്യാഫ്രിക്കയിലെ ആദ്യത്തെ കത്തോലിക്കാ ബിഷപ്പും. അതെ, വിശുദ്ധ ഡീനിയേൽ കോംബോനി അതെല്ലാമായിരുന്നു. ആഫ്രിക്ക അല്ലെങ്കിൽ മരിക്കുക എന്നതായിരുന്ന അദ്ദേഹത്തിന്റെ മുദ്രാവാക്യം അത്രമാത്രം പ്രേക്ഷിതതീക്ഷ്ണതയാൽ ജ്വലിച്ചുനിന്നിരുന്ന മിഷനറിയായിരുന്ന വിശുദ്ധ കോംബോനി.

ലൂജി ദൊമനിക്ക ദമ്പതികളുടെ മകനായി ഇറ്റലിയിലെ ലിമോൺ സുഗാർഡയിൽ 1831 മാർച്ച് 15 നായിരുന്ന ജനനം. മാതാപിതാക്കളുടെ ഓമനപുത്രനായിരുന്ന അവൻ. കാരണം എട്ടുമക്കളിൽ ആയുസെത്തിച്ചത് ഡാനിയേൽ മാത്രമായിരുന്നു. ദരിദ്രരായിരുന്നുവെങ്കിലും മകനെ മൂല്യങ്ങളിലും വിശ്വാസത്തിലുമാണ് മാതാപിതാക്കൾ വളർത്തിക്കൊണ്ടുവന്നത്. വീട്ടിലെ ദാരിദ്ര്യാവസ്ഥയാണ് വെറോനയിലെ സ്കൂളിൽ പോയി വിദ്യാഭ്യാസം ചെയ്യാൻ അവനെ നിർബന്ധിതനാക്കിയത്. ഫാദർ നിക്കോളമാസാ സ്ഥാപിച്ച സ്കൂളിലായിരുന്ന വിദ്യാഭ്യാസം. ഈ ജീവിതകാലത്താണ് പൗരോഹിത്യത്തിലേക്കുള്ള തന്റെ വിളി ഡാനിയേൽ തിരിച്ചറിഞ്ഞത്. മാസാ ഇൻസ്റ്റിറ്റിയൂട്ടിലെത്തിയ മിഷനറിമാരിൽനിന്നാണ് മധ്യാഫ്രിക്കയിലെ മിഷൻ ലോകത്തെക്കുറിച്ച് കോംബാനി മനസ്സിലാക്കുന്നത്. 1854 ൽ പൗരോഹിത്യം സ്വീകരിച്ച അദ്ദേഹം മൂന്നുവർഷങ്ങൾക്ക ശേഷം മറ്റ് അഞ്ച് മിഷനറിമാരൊത്ത് ആഫ്രിക്കയിലേക്ക് യാത്രതിരിച്ചു. അമ്മയുടെ അനുഗ്രഹാശീർവാദങ്ങളോടെ. 'പോകു മകനേ ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.' അമ്മ യാത്രവേളയിൽ അവസാനമായി മകനോട് പറഞ്ഞത് അതായിരുന്നു.

നാലുമാസത്തെ യാത്രയ്ക്കുശേഷം സുഡാന്റെ തലസ്ഥാനമായ ഹാർട്ടോമിൽ കോംബാനി എത്തി. ആദ്യമാത്രയിൽതന്നെ ഇവിടെയുള്ള തന്റെ ദൗത്യം ഏറ്റവും പ്രയാസകരമായിരിക്കുമെന്ന് കോംബാനിക്ക് മനസ്സിലായി. പ്രതികൂലമായ കാലാവസ്ഥ , കഠിനജോലികൾ, രോഗം, ഒപ്പമുള്ള മിഷനറിമാരുടെ മരണം ഇതെല്ലാം ഡാനിയേലിന് നേരിടേണ്ടിവന്ന തിക്താനുഭവങ്ങളായിരുന്നു. പക്ഷേ, അവയ്ക്കൊന്നും അദ്ദേഹത്തിന്റെ മിഷൻ തീക്ഷ്ണത നശിപ്പിക്കാനായില്ല. അതിനെക്കുറിച്ച് അദ്ദേഹം പിൽക്കാലത്ത് അമ്മയ്ക്കെഴുതി. ഞങ്ങൾക്ക് ഇവിടെ ഏറെ വിയർപ്പൊഴുക്കുവാനുണ്ട്. ഈ ഓരോ തുള്ളിയും ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി മരിക്കുവാനും അനേകം ആത്മാക്കളെ പാപത്തിന്റെ

അടിമത്തത്തിൽനിന്ന് മോചിപ്പിക്കുവാനും ആയി ഞങ്ങൾ ഉപയോഗിക്കുന്നു. ആഫ്രിക്കയെ ആഫ്രിക്കയിലൂടെ രക്ഷിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. 1864 ൽ വിശുദ്ധ പത്രോസിന്റെ കബറിടത്തിൽ പ്രാർത്ഥനാനിരതനായിക്കഴിയുമ്പോഴാണ് ആഫ്രിക്കയുടെ പുനർജന്മം എന്ന പ്രശസ്തമായ പദ്ധതിയെക്കുറിച്ചുള്ള ആദ്യ പ്രചോദനം അദ്ദേഹത്തിന് ഉണ്ടാകുന്നത്. നേരിടേണ്ടിവന്ന പ്രാതികൂല്യങ്ങൾക്കും തെറ്റിദ്ധാരണകൾക്കും മുമ്പിൽ അടിപതറാതെ നിൽക്കാൻ ഡാനിയേൽ കോംബോനിക്ക് സാധിച്ചതും തന്റെ ദർശനങ്ങളെക്കുറിച്ചുള്ള ഉത്തമബോധ്യം കൊണ്ടുതന്നെയായിരുന്നു. മധ്യാഫ്രിക്കയുടെ വികസനത്തിനായി പല യൂറോപ്യൻ രാജ്യങ്ങളിലും അദ്ദേഹം ചുറ്റിസഞ്ചരിച്ചു. ആധ്യാത്മികവും ഭൗതികവുമായ സഹായങ്ങൾ അവിടെനിന്ന് ആഫ്രിക്കയ്ക്ക് വേണ്ടി അദ്ദേഹം യാചിച്ചു. രാജാക്കന്മാർ, രാജ്ഞിമാർ, ബിഷപ്പുമാർ, പ്രഭുക്കൾ, സാധാരണക്കാർ എന്നിവരിൽനിന്നെല്ലാം കോംബോനി സഹായം കൈപ്പറ്റി. മിഷൻ പ്രചാരണത്തിന് ഏറെ സഹായകമാകുമെന്ന പ്രതീക്ഷയിൽ ഇറ്റലിയിൽനിന്ന് അദ്ദഹേം ആദ്യത്തെ മിഷനറി മാസിക ആരംഭിച്ചു.

ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും ആഫ്രിക്കയോടുള്ള സ്നേഹവും കൈമുതലാക്കി മിഷൻ ദൗത്യങ്ങൾക്കായി 1867 ലും 1872 ലും പുരുഷന്മാർക്കും സ്ത്രീകൾക്കുമായി രണ്ട് മിഷനറി ഇൻസ്റ്റിറ്റിയൂട്ടുകൾ അദ്ദേഹം ആരംഭിച്ചു. കോംബോനി മിഷനറീസ്, കോംബോനി മിഷനറി സിസ്റ്റേഴ്സ് എന്നീ പേരുകളിൽ പിൽക്കാലത്ത് അവ ലോകവ്യാപകമായി അറിയപ്പെട്ടു. 1877 ജൂലൈ രണ്ടിന് മധ്യാഫ്രിക്കയുടെ വികാർ അപ്പസ്തോലിക് ആയും ഒരു മാസത്തിന് ശേഷം ബിഷപ്പായും ദാനിയേൽ അവരോധിതനായി. ആദ്യ വത്തിക്കാൻ കൗൺസിലിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. അവിടെ വച്ച് മധ്യാഫ്രിക്കയിലെ സുവിശേഷ പ്രചാരണത്തിനായി എഴുപതോളം ബിഷപ്പുമാർ ഒപ്പിട്ട ഒരു നിവേദനം നൽകുകയുണ്ടായി.

ബിഷപ്പ് ഡാനിയേൽ കോംബോനിയുടെ 1880 ലെ എട്ടാമത്തെ ആഫ്രിക്കൻ സന്ദർശനം അദ്ദേഹത്തിന്റെ അവസാനസന്ദർശനംകൂടിയായി മാറി. അടിമവ്യാപാരത്തിനെതിരെയുള്ള തന്റെ സമരം ആ സമയത്ത് കോംബോനി തുടർന്നു. ഒരു വർഷത്തിന് ശേഷം കഠിനമായ ജോലിയെതുടർന്ന് കോംബോനിയുടെ ആരോഗ്യനില വഷളായി. 1881 ഒക്ടോബർ 10 ന് അമ്പതാമത്തെ വയസ്സിൽ അദ്ദേഹം മരണമടഞ്ഞു. സ്നേഹസമ്പന്നയും വിശ്വസ്തയുമായ ഒരു വധു തന്റെ കാന്തനെ വിട്ടുപിരിയാൻ വിമുഖയാകുന്നതുപോലെ തന്നെ സ്നേഹിച്ച ജനങ്ങൾക്കുവേണ്ടി ജീവിച്ചും പ്രവർത്തിച്ചും മതിയാവാതെയായിരുന്നു കുരിശാൽ അടയാളപ്പെടുത്തിയ ആ ജീവിതത്തിന്റെ അന്ത്യം. 'ഞാൻ മരിക്കുകയാണ്... എന്നാൽ എന്റെ പ്രവർത്തനങ്ങൾക്ക് ഒരിക്കലും മരണമില്ല.' അദ്ദേഹത്തിന്റെ അവസാനവാക്കുകളായിരുന്നു അത്.സത്യമായിരുന്നു കോംബോനിയുടെ വാക്കുകൾ. കോംബോനി തെളിയിച്ചുകൊടുത്ത പാതയിലൂടെ ഇന്ന് അനേകം യുവജനങ്ങൾ ആഫ്രിക്കയുടെ മണ്ണിൽ ദൈവസ്നേഹത്താൽ പ്രേരിതരായി സേവനം ചെയ്യുന്നു.

1995 ഏപ്രിൽ ആറ് ഫാ.ഡാനിയേൽ കോംബോനിയുടെ മാധ്യസ്ഥത്താൽ ഒരു ആഫ്രോ ബ്രസീലിയൻ പെൺകുട്ടിക്കുണ്ടായ അത്ഭുതകരമായ രോഗസൗഖ്യം അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനും 2003 ഡിസംബർ 20ന് സുഡാനിലെ ഒരു മുസ്ലിം വനിതയ്ക്കുണ്ടായ രോഗസൗഖ്യം അദ്ദേഹത്തെ വിശുദ്ധനുമായി പ്രഖ്യാപിക്കുന്നതിന് ഇടയായി. 2003 ഒക്ടോബർ അഞ്ചിന് സെന്റ് പീറ്റേഴ്സ് സ്വകയറിൽവച്ചായിരുന്നു വിശുദ്ധ പദവി പ്രഖ്യാപനം.

വിശുദ്ധ ഡാനിയേൽ കോംബോനി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...